# റുകൂഇൽനിന്ന് ഉയരുമ്പോളും ശേഷവുമുള്ള പ്രാർത്ഥന

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

**റുകൂഇൽനിന്ന് ഉയരുമ്പോൾ**

നബിﷺ റുകൂഇൽനിന്ന് തല ഉയർത്തിയാൽ തന്റെ കൈകൾ ഉയർത്തമ്പോൾ ഇപ്രകാരം ചൊല്ലിയിരുന്നതായി ഇബ്നുഉമറിﷺൽ നിന്ന് സ്വഹീഹുൽ ബുഖാരിയിലുണ്ട്.

سمع الله لمن حمده

"അല്ലാഹുവിനെ സ്തുതിച്ചവർക്ക് അവൻ കേട്ട് (ഉത്തരം നൽകട്ടെ)"

**റുകൂഇന് ശേഷമുള്ള നിറുത്തത്തിൽ (ഇഅ്ത്തിദാലിൽ)**

ربنا ولَك الْحمد حمدا كثيرا طَيبا مباركًا فيه

"അനുഗ്രഹീതവും വിശിഷ്ഠവുമായ അതിരറ്റ സ്തുതികൾ എല്ലാം ഞങ്ങളുടെ നാഥാ നിനക്ക് മാത്രമാകുന്നു"

നബിﷺ, റുകൂഇൽനിന്ന് തല ഉയർത്തി സമിഅല്ലാഹുലിമൻ ഹമിദഃ എന്ന് ചൊല്ലിയപ്പോൾ ഒരിക്കൽ ഒരാൾ ഈ സ്തുതി വചനം ചൊല്ലി. നമസ്കാരാനന്തരം നബിﷺ അദ്ദേഹത്തെ തിരക്കിക്കൊണ്ട് പറഞ്ഞു: ((മുപ്പതിൽ ചില്വാനം മലക്കുകൾ, തങ്ങളിൽ ആര് ആദ്യം ഇത് രേഖപ്പെടുത്തണമെന്നതിനായി അതിലേക്ക് മത്സരിക്കുന്നത് ഞാൻ കണ്ടു)) സംഭവം സ്വഹീഹുൽ ബുഖാരിയിലുണ്ട്.

നബിﷺ, റുകൂഇൽനിന്ന് ഉയർന്നാൽ താഴെയുള്ള ദിക്ർ ചൊല്ലിയിരുന്നതായി ഇബ്നു അബ്ബാസിﷺൽനിന്ന് സ്വഹീഹു മുസ്‌ലിമിലുണ്ട്.

ربنا لَك الْحمد ملْءُ السماوات و الأَرض وملْءُ  ما شئْت من شيءٍ بعد، أَهلَ الثناءِ والمَجد أَحق ما قَالَ العبد وكُلنا لَك عبد، اَللهم لاَ مانِع لما أَعطَيت ولاَ معطي لما منعت ولاَ ينفَع ذَا الْجد منك الْجد

“ആകാശങ്ങളിലും ഭൂമിയിലും ശേഷം നീ ഉദ്ദേശിച്ച എല്ലായിടത്തും നിറയെയുള്ള സ്തുതി നിനക്കാണ്. ഉന്നതിക്കും പ്രശംസക്കും അർഹനായവനേ! ഞങ്ങളെല്ലാം നിന്റെ അടിമകളായിരിക്കെ ഒരു ദാസൻ പറയാൻ ഏറ്റവും അർഹമായത് ഇതാണ്. അല്ലാഹുവേ, നീ നൽകുന്നത് തടയുന്നവനില്ല നീ തടയുന്നത് നൽകുന്നവനുമില്ല, ഏത് ധനികന്റെ ഐശ്വര്യവും നിന്റെ അടുക്കൽ ഉപകരിക്കുകയില്ല”

നബിﷺ നമസ്കാരത്തിൽ റുകൂഇൽനിന്ന് ഉയർന്നാൽ താഴെയുള്ള ദുആ ചൊല്ലിയിരുന്നതായി അലിയ്യിؓൽനിന്നുള്ള ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഹദീഥിലുണ്ട്.

اللهم ربنا لَكَ الْحمد ملْءَ السموات وملْءَ الأَرض وملْءَ ما بينهما وملْءَ ما شئْت من شيءٍ بعد

“അല്ലാഹുവേ, ഞങ്ങളുടെ നാഥാ ആകാശങ്ങളിലും ഭൂമിയി ലും അവക്കിടയിലും ശേഷം നീ ഉദ്ദേശിച്ച എല്ലായിടത്തും നിറയെയുള്ള മുഴുസ്തുതിയും നിനക്ക് മാത്രമാണ്.”